# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2801 — 27/01/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

| | ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതിക്ക് ഇടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. 2012-13 വർഷം MBBS/B.Tech കോഴ്സുകൾക്ക് 1-ാം വർഷവും, 2-ാം വർഷവും പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 12/10/2012 ലെ G.O(MS)No.131/12/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ലാപ് ടോപ്പ് അനുവദിച്ച നൽകിയിരുന്നു.<br><br>ഈ അദ്ധ്യയനവർഷം (2013-14) MBBS/B.Tech 1-ാം വർഷവും, M. Tech കോഴ്സിന് 2-ാം വർഷവും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ച വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | Professional Course - കളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കി ഉന്നത വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് വകുപ്പിൽ നിന്ന് ലാപ് ടോപ്പ് വാങ്ങി നൽകിവരുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കേന്ദ്രസഹായം ഒന്നും ലഭിക്കുന്നില്ല. സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | 2013-14 വർഷം Professional course കളിൽ പഠിക്കുന്ന 2500 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായി ഒരു ലാപ് ടോപ്പിന് 30,000/- രൂപ നിരക്കിൽ 7.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ശുപാർശ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും G.O(Rt)No.1739/13/പജപവിവ തീയതി 29/11/2013 പ്രകാരം സർക്കാർ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി ഉത്തരവിൽ ഒന്നാംവർഷ എം.ടെക് വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ